# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4121** **17-03-2025 - ൽ മറുപടിയ്ക്ക്**

### കേരള റിയൽ എസ്റ്റേറ്റ് അപ്പലെറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പർ തസ്തികയിൽ നിലവിൽ ഒഴിവുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ ഒഴിവുണ്ട്. കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിൽ ജുഡീഷ്യൽ മെമ്പർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്കുള്ള നിയമനത്തിനായി രണ്ട് വ്യക്തികളെ ശുപാർശ ചെയ്ത് സെലക്ഷൻ കമ്മിറ്റി ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്തിമതീരുമാനമായിട്ടില്ല. |
| (ബി) | ഈ തസ്തികയിലേക്കുള്ള നിയമനത്തിനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഹൈക്കോടതിയിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നിയമന നടപടികൾ വൈകിയെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഒഴിവുണ്ട്. കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിൽ ജുഡീഷ്യൽ മെമ്പർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്കുള്ള നിയമനത്തിനായി രണ്ട് വ്യക്തികളെ ശുപാർശ ചെയ്ത് സെലക്ഷൻ കമ്മിറ്റി ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്തിമതീരുമാനമായിട്ടില്ല. |
| (സി) | ദ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡവലപ്മെന്റ്) ആക്ട് പ്രകാരം കേരള റിയൽ എസ്റ്റേറ്റ് അപ്പലെറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പർ ആകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്; ഇത് സർക്കാർ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിനാധാരമായ സാഹചര്യം അറിയിക്കാമോ; ഭേദഗതി ചെയ്ത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിലെ ജുഡീഷ്യൽ മെമ്പറുടെ യോഗ്യത സംബന്ധിച്ച് കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ &ഡെവലപ്മെന്റ്) ആക്ട്-2016- സെക്ഷൻ 46(b)-ൽ ചുവടെപ്പറയും പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.<br><br>"in the case of a Judicial Member he has held a judicial office in the territory of India for at least fifteen years or has been a member of the Indian Legal Service and has held the post of Additional Secretary of that service or any equivalent post, or has been an advocate for at least twenty years with experience in dealing with real estate matters".<br><br>പ്രസ്തുത യോഗ്യതയിൽ ഭേദഗതി വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ